**പതിമൂന്നാം കേരള നിയമസഭ**

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2014-2016)

## നാലാമത് റിപ്പോർട്ട്

(2015 ജൂലൈ 29-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സംസ്ഥാന ഗീതം രൂപീകരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങിയ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2014-2016)

## നാലാമത് റിപ്പോർട്ട്

**സംസ്ഥാന ഗീതം രൂപീകരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങിയ റിപ്പോർട്ട്**

958/2015.

# ഉള്ളടക്കം


| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പാലോട് രവി

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ഡോ. കെ. ടി. ജലീൽ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. റ്റി. യു. കുരുവിള

ശ്രീ. ആർ. രാജേഷ്

ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. കെ. മുരളീധരൻ നായർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## മുഖവുര

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2014-16) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ജൂലൈ 27-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

പാലോട് രവി,

*അദ്ധ്യക്ഷൻ,*

*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 29.

# റിപ്പോർട്ട്

കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി 2003 ജൂൺ 27-ന് നിലവിൽ വന്നു. ഭരണരംഗത്ത് നൂറ്റാണ്ടുകളായി വിദേശഭാഷ കൈകാര്യം ചെയ്തുവരുന്ന രീതി മാറ്റിക്കൊണ്ട് മലയാളഭാഷാ പ്രയോഗത്തിലുണ്ടാകുന്ന വൈമുഖ്യം മാറ്റിയെടുക്കുന്നതിനും ഭരണഭാഷ മലയാളമാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടിയാണ് ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി നിലകൊള്ളുന്നത്. പതിമൂന്നാം കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-14) 2011 ഒക്ടോബർ 20-ാം തീയതി രൂപീകൃതമാകുകയും 2014 മേയ് 30-ാം തീയതി സമിതി (2014-16) പുനഃസംഘടിപ്പിക്കുകയും ചെയ്തു. ഔദ്യോഗിക് ഭാഷാ പ്രയോഗപുരോഗതിയിൽ സമിതിയുടെ സമയോചിതവും ക്രിയാത്മകവുമായ ഇടപെടലുകൾ ഈ രംഗത്ത് വളരെയേറെ പുരോഗതി കൈവരിക്കുവാൻ സഹായകമായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു.

2. ഭാഷ ഒരു ആശയവിനിമയോപാധി എന്നതിലുപരി സംസ്കാരത്തിന്റെ പ്രതിബിംബമാണ്. നാനാത്വത്തിൽ ഏകത്വമെന്ന സവിശേഷത പോലെ തന്നെ ഭാരതത്തിലെ ഓരോ ഭൂവിഭാഗത്തും തനത് ഭാഷയുടേതായ ഒരു സംസ്കാരം രൂപപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ 29 സംസ്ഥാനങ്ങളും 7 കേന്ദ്രഭരണ പ്രദേശങ്ങളും തനത് ഭാഷകൾ ഔദ്യോഗിക ഭാഷകളായി ഉപയോഗിക്കുന്നുണ്ട്.

3. ഭാഷ ഒരു ജനതതിയുടെ ആവിഷ്കാരമാണ്. വികാര വിചാരങ്ങളുടെ ബഹിർസ്ഫുരണമാണ്. അത് ഐക്യത്തിനും ഒത്തൊരുമയ്ക്കും പിൻബലമേകുന്നതും ജനവിചാരങ്ങളെ കോർത്തിണക്കുന്നതുമാണ്. ഭാഷാ കവിതകൾക്കും ഗീതങ്ങൾക്കും മനുഷ്യവിചാരങ്ങളെ ഏകപാതയിലേക്ക് നയിക്കുന്നതിനും അതുവഴി ഐക്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുമുള്ള കഴിവുണ്ട്. എപ്പോഴെല്ലാം അതിലെ വരികൾ മനസ്സിലും നാവിലും അലയടിച്ച് ബഹിർസ്ഫുരണം നടത്തുന്നുവോ അപ്പോഴെല്ലാം ദേശീയതയും അഖണ്ഡതയും ഒരു വിചാരവികാരമായി മാറുന്നതാണ്. വന്ദേമാതരം..... എന്നും ജയഹേ... ജയഹേ.... ജയഹേ ജയ ജയ ജയ ജയഹേ എന്നും ഈണത്തിലും ഉച്ചത്തിലും ഒരുമിച്ചും പാടുമ്പോൾ മനസ്സിലും ശരീരത്തിലും ഉൽഭവിക്കപ്പെടുന്നതായ വികാരവിചാരങ്ങൾ രാജ്യാവബോധം, അഖണ്ഡത തുടങ്ങി നമ്മെ രാജ്യസ്നേഹത്തിന്റെ അത്യുന്നതങ്ങളിലേക്ക് എത്തിക്കുന്ന അവസ്ഥാവിശേഷം സംജാതമാക്കുന്നു. മാതൃരാജ്യ പുരോഗതിക്കായി, നാം ഏർപ്പെടുന്ന ഓരോ പ്രവർത്തനത്തിലും ഈ ഗീതങ്ങൾക്കും ഗാനങ്ങൾക്കും ശക്തിയും ഓജസ്സും ഒരുമയും പകരാനുള്ള അതീന്ദ്രിയമായ കഴിവുണ്ട്. അതിനാലാണ് രാജ്യസംബന്ധമായ ചടങ്ങുകളിലും പ്രവർത്തനങ്ങളിലും നാം ദേശീയഗീതവും ദേശീയഗാനവും ആലപിക്കുന്നത്. അതിർത്തി കാക്കുന്ന ഭടന്മാർക്ക് 'വന്ദേമാതരം' എന്ന ഒറ്റ വാക്ക് മാത്രം നൽകുന്ന പ്രചോദനവും പ്രസരിപ്പും കർമ്മശേഷിയും വാക്കുകളിലൂടെ പ്രതിഫലിപ്പിക്കാൻ സാധിക്കാത്തതാണ്. ഇങ്ങനെ ഭാഷാഗീതങ്ങൾക്കും ഗാനങ്ങൾക്കും ജനതതിയെ കർമ്മോന്മുഖരാക്കുന്നതിനും ഒരുമിച്ചുനിർത്തുന്നതിനുള്ള അവാച്യമായ കഴിവ്

പ്രദാനം ചെയ്യുവാൻ സാധിക്കുന്നതാണ്. ഭാഷയുടെ ഈ അസാമാന്യമായ കഴിവ് സംസ്ഥാനത്തിന്റെ അഖണ്ഡതയ്ക്കും പുരോഗതിക്കും വേണ്ടി ഉപയോഗപ്പെടുത്തണമെന്ന് സമിതി അതിയായി ആഗ്രഹിക്കുന്നു.

4. ഒരു സംസ്ഥാന ഗീതം രൂപപ്പെടുത്തുന്നതിന് നിരവധി അടിസ്ഥാനകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ഓർമ്മിപ്പിക്കുന്നു.

(1) സംസ്ഥാന ഗീതം ആലപിക്കുന്നതിന് നിശ്ചിത സമയപരിധിയുണ്ടാകണം. കുറഞ്ഞത് ഒരു മിനിട്ടിനുള്ളിൽ ആലപിച്ച് പൂർത്തീകരിക്കത്തക്ക വിധത്തിലായിരിക്കണം രൂപപ്പെടുത്തേണ്ടത്.

(2) ഒരു നിശ്ചിത ഈണത്തിലും രാഗത്തിലും താളത്തിലുമായിരിക്കണം രൂപകല്പന ചെയ്യേണ്ടത്. ആലപിക്കുന്നവരിലും കേൾക്കുന്നവരിലും ദേശസ്നേഹം ഉണർത്തുന്ന വാക്കുകളും താളവുമായിരിക്കണം ഇതിനായി സമന്വയിപ്പിക്കേണ്ടത്.

(3) എല്ലാ ഔദ്യോഗിക ചടങ്ങുകളുടെയും തുടക്കത്തിൽ സംസ്ഥാനഗീതവും ഒടുക്കത്തിൽ ദേശീയ ഗാനവും ആലപിക്കുന്ന രീതി അവലംബി ക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. ആയത് ദേശീയതയും സംസ്ഥാനസ്നേഹവും ഊട്ടിയുറപ്പിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

(4) സംസ്ഥാന ഗീതം ആലപിക്കുമ്പോൾ അനുവർത്തിക്കേണ്ടതായ ചിട്ടകൾക്കും (പ്രോട്ടോക്കോൾ) സർക്കാർ രൂപം നൽകേണ്ടതും ആയത് നിർദ്ദേശമായി ഉത്തരവാകേണ്ടതുമാണ്.

(5) ഗാനാലാപനം സംഗീത ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുമാത്രം നടത്തുമ്പോൾ അനുവർത്തിക്കേണ്ടതായ ചിട്ടകൾക്ക് രൂപം നൽകി നിർദ്ദേശമായി ഉത്തരവാകേണ്ടതാണ്.

5. കേരള സംസ്ഥാനത്തിന് ഔദ്യോഗികമായി നിരവധി തനത് പ്രതീകങ്ങളുണ്ട്. സംസ്ഥാന പക്ഷിയായി മലമുഴക്കി വേഴാമ്പലും സംസ്ഥാന മൃഗമായി ആനയും സംസ്ഥാന വൃക്ഷമായി തെങ്ങും സംസ്ഥാന പുഷ്പമായി കണിക്കൊന്നയും നമുക്കുണ്ട്. എന്നാൽ, ഔദ്യോഗിക, പൊതു ചടങ്ങുകളിൽ ആലപിക്കുന്നതിനായി ഒരു ഔദ്യോഗിക സംസ്ഥാനഗീതം ഇതുവരെ രൂപപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടകം, തെലുങ്കാന എന്നിവിടങ്ങളിലും ആസാം, ബീഹാർ, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒറീസ എന്നീ സംസ്ഥാനങ്ങളിലും സംസ്ഥാനഗീതം നിലവിലുണ്ട്.

6. ഒരു ഗീതം സംസ്ഥാനത്തിന്റെ ഗീതമായി അംഗീകരിക്കപ്പെടണമെങ്കിൽ അതിന് എല്ലാവിഭാഗം ജനങ്ങളുടെയും പ്രാതിനിധ്യമുണ്ടാകണം. ജാതി, മത, സംസ്കാര, പ്രാദേശികഭാഷാ ഭേദങ്ങൾക്കതീതമായി എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്നതാകണം പ്രസ്തുത ഗീതം. ഓരോ മലയാളിക്കും തന്റെ ഭാഷയിലും സാഹിത്യത്തിലും സംസ്കാരത്തിലും പ്രകൃതിയിലും അഭിമാനം തോന്നത്തക്കവിധത്തിൽ രൂപപ്പെട്ടതായിരിക്കണം സംസ്ഥാനഗീതം. അത് ഭൂതകാല സംസ്കൃതിയെയും ഭാവിപ്രതീക്ഷകളെയും പ്രതിഫലിപ്പിക്കുന്നതുമാകണം.

7. നമ്മുടെ ദേശീയഗാനമായ 'ജനഗണമന' ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1911 ഡിസംബർ 27-ലെ കൽക്കത്ത സമ്മേളനത്തിന്റെ രണ്ടാം ദിനത്തിലാണ് ആദ്യമായി ആലപിക്കപ്പെട്ടത്. മഹാകവി രബീന്ദ്രനാഥ ടാഗോർ ബംഗാളി ഭാഷയിലെഴുതിയ ബ്രഹ്മോ കവിതാസമാഹാരത്തിലുൾപ്പെട്ട ജനഗണമനയെ ഔദ്യോഗികമായി ദേശീയഗാനമായി അംഗീകരിച്ചത് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയാണ്. ടാഗോർ തന്നെ രചിച്ച ഹിന്ദി പരിഭാഷയാണ് ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടത്. 1950 ജനവരി 24-നാണ് ജനഗണമനയെ ദേശീയഗാനമായി അംഗീകരിച്ചത്. ദേശീയ ഗാനത്തിന് ക്ലിപ്തവരികളും നിശ്ചിത ആലാപനശൈലിയുമുണ്ട്. ശങ്കരാഭരണം രാഗത്തിലാണ് ദേശീയഗാനം ആലപിക്കുന്നത്. ഇപ്പോഴത്തെ സംഗീതം ചിട്ടപ്പെടുത്തിയത് ക്യാപ്റ്റൻ രാം സിംഗ് ഠാക്കുറാണ്. ദേശീയഗാനം ഉപകരണ സംഗീതത്തിന്റെ സഹായത്താൽ ചിട്ടപ്പെടുത്തിയത് ബ്രിട്ടീഷ് കംപോസറായ ഹെർബെർട്ട് മുറിൽ (Herbert Murrill) ആണ്. ദേശീയഗാനം ആലപിക്കേണ്ടത് 52 സെക്കന്റുകൊണ്ടാണ്. ദേശീയഗാനം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതും മഹാകവി ടാഗോറാണ്. ചില സന്ദർഭങ്ങളിൽ ദേശീയഗാനത്തിന്റെ ആദ്യത്തെയും അവസാനത്തെയും വരികൾ മാത്രം 20 സെക്കന്റിൽ ആലപിക്കാറുണ്ട്.

8. ദേശീയഗാനം പോലെതന്നെ ഒരു ദേശീയഗീതവും നമുക്കുണ്ട്. ബങ്കിം ചന്ദ്ര ചാറ്റർജി എഴുതിയ വന്ദേമാതരമാണ് ദേശീയ ഗീതം. 1896-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ രബീന്ദ്രനാഥ ടാഗോറാണ് വന്ദേമാതരം ആദ്യമായി ആലപിച്ചത്. 1947 ആഗസ്റ്റ് 15-ന് സുചേതാ കൃപലാനി കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ വന്ദേമാതരം ആലപിച്ചു.

9. മാതൃരാജ്യത്തിന്റെ ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുക ഓരോ പൗരന്റെയും മൗലിക കർത്തവ്യങ്ങളിൽ ഒന്നാണ്.

10. നമ്മുടെ രാജ്യത്തിന് ഒരു ദേശീയഗാനവും ദേശീയഗീതവും ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ ഔദ്യോഗിക ചടങ്ങുകളിലും മറ്റും ആലപിക്കുന്നതിനായി സംസ്ഥാനത്തിനായി ഒരു സംസ്ഥാനഗീതം രൂപപ്പെടുത്തേണ്ടത് കാലത്തിന്റെ ആവശ്യകതയാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സംസ്ഥാനഗീതം

തെരഞ്ഞെടുക്കുമ്പോൾ കൃത്യമായ ഒരു മാനദണ്ഡം പാലിക്കേണ്ടതുണ്ട്. ഇതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനും സാഹിത്യ, സംഗീത, സാംസ്കാരിക മേഖലകളിലെ പ്രമുഖർ അംഗങ്ങളുമായി ഒരു സമിതി രൂപീകരിക്കാവുന്നതാണ്. സംസ്ഥാനഗീതം തെരഞ്ഞെടുക്കുമ്പോൾ നിലവിലുള്ള പദ്യരൂപങ്ങളിൽ നിന്നും അനുയോജ്യമായവ കണ്ടെത്താനായില്ലെങ്കിൽ പുതിയ ഗാനരചനയ്ക്കായി ഒരു മത്സരം നടത്താവുന്നതുമാണ്.

11. ഔദ്യോഗികമായി ഒരു ഗീതം അംഗീകരിക്കപ്പെടണമെങ്കിൽ അതിന് നിശ്ചിതവരികളും ആലാപന ശൈലിയും നിശ്ചിത സമയക്ലിപ്തതയും ഉണ്ടാകണം. നമ്മുടെ ദേശീയഗാനം പോലെ ഔദ്യോഗികമായി ചിട്ടപ്പെടുത്തിയതാകണം നമ്മുടെ സംസ്ഥാനഗീതവും. ഒരു സംസ്ഥാനഗീതം രൂപപ്പെടുത്തിയാൽ അതിന് എല്ലാ വിഭാഗം ജനങ്ങളുടെയും അംഗീകാരവും പ്രചുരപ്രചാരവും ലഭിക്കേണ്ടതുണ്ട്. സംസ്ഥാനഗീതത്തിന്റെ പ്രചാരണത്തിനായി അച്ചടി-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

12. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ മലയാളത്തിന്റെയും കേരള സംസ്കൃതിയുടെയും ഉന്നതിക്കും പരിപോഷണത്തിനുമായി സംസ്ഥാനത്തിന് മാത്രമായി ഒരു സംസ്ഥാനഗീതം ഔദ്യോഗികമായി അംഗീകരിക്കപ്പെടേണ്ടത് കാലോചിതമാണെന്ന് സമിതി കണക്കാക്കുന്നു. മലയാളത്തിന്റെ ശ്രേഷ്ഠതയെ ഉദ്ഘോഷിക്കുന്നതിനും ജനങ്ങളുടെയിടയിൽ കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനും സംസ്ഥാനഗീതം വഴിയൊരുക്കുമെന്നതിനാൽ മലയാള ഭാഷയുടെ സർവ്വതോമുഖമായ പ്രയോഗവും പദവിയും ഉയർത്തുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്തിന് തനതായ ഒരു സംസ്ഥാനഗീതം രൂപപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ഒരു സംസ്ഥാനഗീതം രൂപപ്പെടുത്തി അതിന് സംഗീതാവിഷ്കാരം നൽകി ചിട്ടപ്പെടുത്തുന്നതുവഴി അതിന് ജനമനസ്സുകളിൽ വളരെപ്പെട്ടെന്ന് ചിരപ്രതിഷ്ഠനേടാൻ കഴിയുന്നു. സംസ്ഥാനപരിധിയിലുള്ള എല്ലാ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലും ദിവസത്തിന്റെ ആരംഭത്തിലും അവസാനത്തിലും ഒരു നിശ്ചിത സമയത്ത് പ്രസ്തുത ഗീതം ആലപിക്കുന്നതിന് വ്യവസ്ഥ നൽകാവുന്നതാണ്. എല്ലാ പൊതുചടങ്ങുകളിലും ആഘോഷപരിപാടികളിലും പ്രസ്തുത ഗീതം ആലപിക്കാവുന്നതാണ്.

14. ഒരു സംസ്ഥാനഗീതത്തിന് മേൽപ്പറഞ്ഞ രീതിയിൽ അംഗീകാരം നൽകിക്കഴിഞ്ഞാൽ അതിനെ അടിസ്ഥാനപ്പെടുത്തി ഒരു വീഡിയോ ചിത്രീകരണം കൂടി മത്സരാടിസ്ഥാനത്തിൽ സംഘടിപ്പിക്കണമെന്നും അതിൽ ഒന്നാം സ്ഥാനത്ത് എത്തുന്ന വീഡിയോ ചിത്രത്തിന് അംഗീകാരം നൽകി ഔദ്യോഗികപദവി ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇത്തരത്തിലുള്ള അംഗീകാരം മറ്റ് സംസ്ഥാനങ്ങൾ മാതൃകയാക്കുമെന്നും സമിതി പ്രതീക്ഷിക്കുന്നു.

15. കേരളത്തിൽ അധിവസിക്കുന്നവരും പ്രവാസികളുമായ എല്ലാ മലയാളികൾക്കും പ്രസ്തുത ഗീതം ഒരു മാർഗ്ഗദർശിയാകുമെന്ന് സമിതി കരുതുന്നു. ഔദ്യോഗിക പൊതു ചടങ്ങുകളിൽ സംസ്ഥാനഗീതം ആലപിക്കുകവഴി പ്രവാസി മലയാളികളുടെ അനന്തര തലമുറകളിലും മലയാളഭാഷാവബോധം വളർത്താനുതകുമെന്നും സമിതി പ്രത്യാശിക്കുന്നു.

16. സംസ്ഥാനത്ത് എല്ലാ മേഖലകളിലും മലയാളഭാഷാ പ്രയോഗപുരോഗതി ത്വരിതഗതിയിൽ കൈവരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. സംസ്ഥാനഗീതം രൂപപ്പെടുത്തുന്നത് മലയാളഭാഷയുടെ പ്രയോഗപുരോഗതിയെ സഹായിക്കുമെന്നും ജനങ്ങളുടെയിടയിൽ മലയാളഭാഷയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുവാൻ ഇതുവഴി സാധ്യമാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

പാലോട് രവി,

*അദ്ധ്യക്ഷൻ,*

*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 27.